


# പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും

മർക്കോ. 7:1–13; നിയമാ. 5:16–24; ഏശയ്യാ 9:13–21; 2 കൊറി. 10:12–18 (Vol. 10, Issue 08)

ബ്ര. വിനു കെ. ജെയിംസ് കാക്കക്കൂടുങ്കൽ MCBS

ഷൂസേ സരമാഗുവിന്റെ The Gospel According to Jesus Christ എന്ന നോവലിൽ, ജെറുസലേം ദൈവാലയത്തിലേയ്ക്ക് ബലിയർപ്പിക്കാൻ പോകുന്ന ബാലനായ യേശുവിന്റെ കഥ വിവരിക്കുന്നുണ്ട്. യൗസേപ്പിതാവ് മരിച്ച കാലം വീട്ടിലാകെ ദാരിദ്ര്യമാണ്. എന്നിട്ടും, യേശുവിന് മോഹം, ജെറുസലേം ദൈവാലയത്തിൽ പോയി ഒരു കുഞ്ഞാടിനെ ബലിയർപ്പിക്കണം എന്ന്. വീട്ടിലുണ്ടായിരുന്നതെല്ലാം തൂത്തുപെറുക്കിയപ്പോൾ കിട്ടിയ രണ്ട് നാണയത്തുട്ടുകൾ മറിയം യേശുവിന്റെ കയ്യിൽ വച്ചുകൊടുത്തു. കച്ചവടക്കാരന്റെ നേരെ ആ രണ്ട് നാണയത്തുട്ടുകൾ നീട്ടിക്കൊണ്ട് ബാലനായ യേശു ഒരു കുഞ്ഞാടിനു വേണ്ടി യാചിച്ചു. രണ്ട് നാണയത്തുട്ടിന് ആടിനെപ്പോയിട്ട് ആടിന്റെ പൂട പോലും കിട്ടില്ലെന്ന് അറിയാമെങ്കിലും അവന്റെ കണ്ണുകളിലെ ലാവണ്യം കണ്ട ആ കച്ചവടക്കാരൻ യേശുവിന് ഒരു കുഞ്ഞാടിനെ കൊടുത്തു. ജെറുസലേം ദൈവാലയത്തിലേയ്ക്ക് ബലിയർപ്പിക്കാൻ നടന്നുനീങ്ങുന്ന തീർത്ഥാടകർക്കെതിരെ ഒരു വിജയശ്രീലാളിതനെപ്പോലെ കുഞ്ഞാടിനെ നെഞ്ചോടുചേർത്ത് ജെറുസലേം ദൈവാലയത്തിൽ നിന്നും തിരിഞ്ഞുനടക്കുന്ന യേശു, ഒരു പ്രതിസംസ്കാരത്തിന്റെ വക്താവാണ്.

പാരമ്പര്യങ്ങളുടെ വള്ളിപുള്ളി തെറ്റാതെയുള്ള അനുഷ്ഠാനം ദൈവതിരുമുമ്പാകെ തങ്ങളെക്കുറിച്ച് നല്ല പ്രതിച്ഛായ തീർക്കുമെന്ന് വിശ്വസിച്ചവരാണ് യഹൂദർ. കൈത്താക്കാലം നാലാം ഞായറാഴ്ചയിലേയ്ക്ക് പ്രവേശിക്കുന്ന നമ്മുടെ വചനവിചിന്തനത്തിനായി സഭാമാതാവ് നൽകിയിരിക്കുന്ന സുവിശേഷഭാഗം മർക്കോ. 7:1-13 വരെയുള്ള വാക്യങ്ങളാണ്.

അനുഷ്ഠാനങ്ങൾക്ക് അർത്ഥം ലഭിക്കുന്നത് ആത്മദാനത്തിന്റെയും ഹൃദയപരിശുദ്ധിയുടേതുമായ അർപ്പണത്തിലാണ് എന്ന് മറന്നുപോയ ഫരിസേയ മനോഭാവത്തെ ഏശയ്യാപ്രവാചകന്റെ പ്രബോധനത്തെ ഓർമ്മിപ്പിച്ചു കൊണ്ട് ഈശോ കുറ്റപ്പെടുത്തുന്നു. "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്" (മർക്കോ. 7:6). വ്യക്തിനിർമ്മിതമായ അനുഷ്ഠാനങ്ങളിൽ അടങ്ങിയിരിക്കുന്ന കാപട്യത്തിന്റെ പൊയ്മുഖം വലിച്ചുകീറുന്ന ഈശോയെയാണ് നാം സുവിശേഷത്തിൽ ഇന്ന് കണ്ടുമുട്ടുന്നത്.

യഹൂദന്മാർക്ക് മതം സൂക്ഷ്മങ്ങളായ അനുഷ്ഠാനങ്ങളുടെ ആകെത്തുകയായിരുന്നു. 365 വിലക്കുകളും 248 കൽപനകളും കൂടി ആകെ 613 നിയമങ്ങളായിരുന്നു ഈ മതത്തിന്റെ കാതൽ. ദൈവം മനുഷ്യന് നിയമം നൽകിയത് അവന്റെ രക്ഷയ്ക്കും സമാധാനപൂർണ്ണമായ ജീവിതത്തിനും വേണ്ടിയാണ്. എന്നാൽ, മോശ വഴി ദൈവം നൽകിയ പത്ത് കൽപനകളെ അവർ വളച്ചൊടിച്ചു. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും അകപൊരുൾ അടങ്ങിയ നിയമത്തെ അവർ വ്യാഖ്യാനിച്ച്, വിവരിച്ച്, വികൃതമാക്കി.

പലപ്പോഴും ഈ നിയമത്തെ വ്യാഖ്യാനിച്ചപ്പോൾ ദൈവകൽപനയ്ക്ക് എതിരായിപ്പോലും അത് വന്നുഭവിച്ചു. അതിനുള്ള നല്ല ഉദാഹരണമാണ് ഇന്നത്തെ നിയമത്തിൽ നാം കണ്ടുമുട്ടുന്ന "കൊർബ്ബാൻ"

എന്ന പദം. നേർന്നു കഴിഞ്ഞ വഴിപാട് അഥവാ കൊർബ്ബാൻ ഒരിക്കലും പിൻവലിക്കാൻ പാടില്ലാത്ത ഒരു നിയമമായിരുന്നു. തങ്ങളുടെ കൈവശമുള്ള വസ്തുവകകളെ ദൈവത്തിനുള്ള കൊർബ്ബാൻ അഥവാ നേർച്ചയായി പ്രഖ്യാപിക്കാനും സമർപ്പിക്കാനും യഹൂദാപാരമ്പര്യം ഒരുവനെ അനുവദിച്ചിരുന്നു. എന്നാൽ, അതിന്റെ മേൽ മറ്റാർക്കും അവകാശമില്ലായിരുന്നു. തങ്ങളുടെ വസ്തുക്കളിന്മേൽ മാതാപിതാക്കൾക്കുള്ള അവകാശം പോലും ഇത്തരത്തിലുള്ള കൊർബ്ബാൻ പ്രഖ്യാപനത്തിലൂടെ സൂത്രത്തിൽ ഒഴിവാക്കാൻ മക്കൾക്ക് സാധിക്കുമായിരുന്നു. കൊർബ്ബാൻ പാരമ്പര്യം അങ്ങനെ ദൈവകൽപനകളെ നഗ്നമായി ലംഘിക്കുന്നതിനുള്ള മറയായി മാറി.

ഇവിടെയാണ് ക്രിസ്തുവിന്റെ ചോദ്യം കാലികപ്രസക്തമാകുന്നത്. ഇതിനർത്ഥം പാരമ്പര്യം വേണ്ടാ എന്നല്ല. മറിച്ച്, മനുഷ്യനിർമ്മിതമായ പാരമ്പര്യത്തിനു വേണ്ടി ദൈവിക കൽപനകളെ വ്യർത്ഥമാക്കരുത് എന്നാണ്. പ്രൊട്ടസ്റ്റന്റ് സഭകളും വിവിധ സെക്റ്റുകളും പാരമ്പര്യങ്ങൾ മനുഷ്യനിർമ്മിതമാണെന്നും ദൈവിക കൽപനകൾ മാത്രം മുറുകെ പിടിച്ചാൽ മതിയെന്നും പഠിപ്പിക്കുന്നുണ്ട്. ഇതിനെതിരെ പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ മറുപടി പറയുന്നുണ്ട്. 2 തെസ. 2:15-ൽ ഇപ്രകാരം നാം വായിക്കുന്നു. ''സഹോദരരെ, നിങ്ങൾ വചനം മുഖേനയോ കത്ത് മുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുവിൻ.'' എന്നാൽ, ഇന്ന് പാരമ്പര്യങ്ങളിലൂന്നിയ അനുഷ്ഠാനങ്ങൾ വെറും അധരവ്യായാമവും പ്രഹസനവുമായി മാറുന്നു. നാം ചിന്തിക്കേണ്ടത്, അനുഷ്ഠാനങ്ങൾ നമ്മെ എന്തുമാത്രം ദൈവത്തോട് അടുപ്പിക്കുന്നുണ്ട്? നമ്മുടെ വിശ്വാസത്തിന്റെ ഭാഗമായി നിരവധി പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും നമുക്കുണ്ട്. എന്നാൽ, പാരമ്പര്യങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം ഒതുങ്ങി നിൽക്കേണ്ടതാണോ ക്രിസ്തീയ മൂല്യങ്ങൾ.

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന കൃതിയിൽ മോഷ്ടിക്കപ്പെട്ട വെള്ളിത്തിരിക്കാലുകൾ സ്വമനസ്സാ നൽകിയതാണെന്നു പറഞ്ഞ് കള്ളനെ രക്ഷിക്കുന്ന ബിഷപ്പിന്റെ കാരുണ്യം നമ്മുടെ കണ്ണ് നനയിപ്പിക്കും. വിശപ്പ് സഹിക്കാനാവാതെ കടക്കാരന്റെ കണ്ണുവെട്ടിച്ച് പലഹാരം മോഷ്ടിച്ച നാടോടിബാലന്റെ മേൽ ചൂടുവെള്ളം ഒഴിക്കുന്ന കടക്കാരന്റെ ക്രൂരതയും നമ്മെ വേദനിപ്പിക്കും.

ഏശയ്യാ പ്രവാചകൻ, ഏതൊക്കെയാണ് ദൈവത്തിന് പ്രീതികരമായ ബലികൾ എന്ന് പറയുന്നുണ്ട്. അനാഥനെ സംരക്ഷിക്കുന്നതും, വിശക്കുന്നവന് ഭക്ഷണം കൊടുക്കുന്നതും, വിധവയെ രക്ഷിക്കുന്നതുമാണ് ദൈവസന്നിധിയിൽ പ്രീതികരമായത്. അനുഷ്ഠാനപ്രദമായ ആരാധനകൾക്ക് ദൈവസന്നിധിയിൽ അർത്ഥവും വ്യാപ്തിയും നൽകുന്നത് കാരുണ്യത്തിന്റെ ജീവൽപ്രവൃത്തികളാണ്. രണ്ട് വീക്ഷണങ്ങൾ തമ്മിലുള്ള സംഘട്ടനമാണ് ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. ഒന്നുകിൽ പാരമ്പര്യത്തിലൂടെ ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുക. അല്ലെങ്കിൽ യേശുവിന്റെ വീക്ഷണങ്ങൾക്കനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക. പ്രാർത്ഥനയും പ്രവൃത്തിയും വിപരീതമാകുന്ന ജീവിതശൈലിക്ക് ദൈവസന്നിധിയിൽ ഒന്നും നമുക്ക് നേടിത്തരാനാവില്ല.

അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചപ്പോൾ അബ്ദുൾ കലാം ഇപ്രകാരം പറഞ്ഞു: ''ഹൃദയത്തിന്റെ വിശുദ്ധിയാണ് ലോകത്തിന്റെ സമാധാനം'' എന്ന്. യഥാർത്ഥ വിശുദ്ധി എന്നത് ഹൃദയത്തിന്റെ വിശുദ്ധിയാണ്. നമ്മുടെ ഭക്താനുഷ്ഠാനങ്ങൾ വെറും കടമനിർവ്വഹണമായി കണ്ടാൽ അത് ഫരിസേയരുടേതു പോലെ കപടഭക്തിയും ആത്മാവില്ലാത്ത ആരാധനയുമായി തരം താഴ്ത്തും.

നിയമങ്ങളുടെ എല്ലാം ലക്ഷ്യം മനുഷ്യന്റെ പുരോഗതിയും നന്മയുമാണ്. അതിപ്പോൾ കുടുംബജീവിതത്തിലായാലും സമൂഹജീവിതത്തിലായാലും മറ്റുള്ളവരുടെമേൽ കുതിര കയറാനുള്ളതല്ല നിയമങ്ങൾ. മനുഷ്യനെ പരിഗണിക്കാത്ത ഒരു അനുഷ്ഠാനവും ദൈവസന്നിധിയിൽ വിലപ്പോകുന്നില്ല. അധരം കൊണ്ട് ദൈവത്തെ സ്നേഹിച്ച് ഹൃദയത്തിൽ നിന്ന് അവനെ മാറ്റിനിർത്തുന്ന ജീവിതശൈലിയല്ല നമുക്കാവശ്യം.

ലീമായിലെ വി. റോസ് ഈവിധം ചോദിക്കുന്നു: ''ഈശോയുടെ സ്നേഹത്തിൽ എരിഞ്ഞടങ്ങുന്നില്ലെങ്കിൽ ഒരു ഹൃദയമുള്ളതു കൊണ്ട് എന്തു ഗുണമാണുള്ളത്.'' ആയതിനാൽ സഹോദരങ്ങളെ, നമുക്ക് ലഭിച്ചിരിക്കുന്ന അനുഷ്ഠാനങ്ങളെ ദൈവാനുഭവത്തിന്റെ മാധ്യമങ്ങളാക്കാം. അപ്പോൾ അധരത്തിലായിരിക്കില്ല ദൈവം വസിക്കുക; ഹൃദയത്തിലായിരിക്കും.

ഒരോ വിശുദ്ധ ബലിയിലും നാം പ്രാർത്ഥിക്കുന്നു: ''കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനഃസാക്ഷിയോടും കൂടെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ഭക്തിയോടും ശ്രദ്ധയോടും കൂടെ അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നിൽക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ'' എന്ന്.

ഹൃദയം വിശുദ്ധമാക്കണം. മനഃസാക്ഷി വെടിപ്പാക്കണം. ഇതാണ് ഈശോ നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന യഥാർത്ഥ ബലിയും അനുഷ്ഠാനവും. അങ്ങനെ നാം സകല വിശുദ്ധരോടുമൊത്തുള്ള കൂട്ടായ്മയിലേയ്ക്ക് വളരും. ആന്തരീക വിശുദ്ധിയുടെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഈ കൈത്താക്കാലത്ത് പ്രത്യേകം നമുക്ക് സാധിക്കട്ടെയെന്ന് ഈ വിശുദ്ധ ബലിയിൽ ദൈവത്തോട് പ്രാർത്ഥിക്കാം. ആമേൻ.